**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3101** **04-08-2021 - ൽ മറുപടിയ്ക്ക്**

**മിഷേൽ ഷാജിയുടെ മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിലെ ക്രൈം നം.671/2017 പ്രകാരമുള്ള മിഷേൽ ഷാജിയുടെ മരണം സംബന്ധിച്ച കേസന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | മിഷേൽ ഷാജിയുടെ മരണം സംബന്ധിച്ച് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 671/2017 ആയി രജിസ്റ്റർ ചെയ്ത കേസ് ക്രൈം ബ്രാഞ്ചിന് കൈമാറുകയും ടി കേസ് ക്രൈം നം. 44/CB/2017 u/s 306, 354(D) IPC & Sec.2(iV) of POCSO Act ആയി റീ നമ്പർ ചെയ്ത് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുണ്ട്. ഈ കേസിന്റെ അന്വേഷണത്തിൽ നിന്നും ശാസ്ത്രീയ പരിശോധനകൾ കൊണ്ടും മിഷേലിന്റെ മരണം കൊലപാതകമാണെന്നതിന്റെ സൂചനകളോ തെളിവുകളോ ലഭിച്ചിട്ടില്ല. നാളിതുവരെയുള്ള അന്വേഷണത്തിൽ മിഷേലിന്റെ സുഹൃത്തായ ക്രോണിന്റെ നിരന്തരമായ വഴക്കും, ഭീഷണിയും മൂലമുള്ള മാനസിക പീഡനത്തിൽ മനംനൊന്താണ് മിഷേലിനെ ആത്മഹത്യയിലേയ്ക്ക് നയിച്ചതെന്ന് വെളിവായിട്ടുണ്ട് . ഈ കേസ്സിന്റെ അന്വേഷണം പൂർത്തിയായെങ്കിലും ബഹു. ഹൈക്കോടതി മുമ്പാകെ കേസ് നിലവിലുള്ളതിനാൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത മരണം സംബന്ധിച്ച് ദുരൂഹതകൾ നിലനിൽക്കുന്നതിനാൽ കേസ് സി.ബി.ഐ. യെ ഏൽപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | പ്രസ്തുത മരണം സംബന്ധിച്ച് മിഷേലിന്റെ പിതാവ് സിബിഐ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച WP(C) 31901/17 നമ്പർ ഹർജിയിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് അമിക്കസ് ക്യൂറിയെ നിയോഗിച്ചിരുന്നു. അമിക്കസ് ക്യൂറി സമർപ്പിച്ച റിപ്പോർട്ട് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (സി) | കേസ് സി.ബി.ഐ. ക്ക് വിടണമെന്നാവശ്യപ്പെട്ട് മരണപ്പെട്ട വ്യക്തിയുടെ മാതാപിതാക്കാൾ നൽകിയ പരാതിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ? | (സി) | പ്രസ്തുത മരണം സംബന്ധിച്ച് മിഷേലിന്റെ പിതാവ് സിബിഐ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച WP(C) 31901/17 നമ്പർ ഹർജിയിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് അമിക്കസ് ക്യൂറിയെ |

| | | | |
|---|---|---|---|
| | | | നിയോഗിച്ചിരുന്നു. അമിക്കസ് ക്യൂറി സമർപ്പിച്ച റിപ്പോർട്ട് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ